(ജി) ഉണ്ട്. ഒ.പി. നമ്പർ 14/2011 ആയി രജിസ്റ്റർ ചെയ്ത പരാതി ഹിയറിംഗിനായി 2-4-2011-ൽ പോസ്റ്റ്ചെയ്തിട്ടുണ്ട്.

(എച്ച്) തീരുമാനിച്ചിട്ടില്ല.

(ഐ) ചട്ടപ്രകാരമുള്ള ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

പഞ്ചായത്ത് വികസന ഗൈഡ് 2011

122 (1592) ശ്രീ. കെ. ബി. ഗണേഷ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'പഞ്ചായത്ത് വികസന ഗൈഡ് 2011' ന്റെ എത്ര കോപ്പിയാണ് പഞ്ചായത്ത് വകുപ്പ് 2011-ൽ അച്ചടിച്ചത് ;

(ബി) 'പഞ്ചായത്ത് വികസന ഗൈഡ് 2011' ന്റെ ഒരു കോപ്പിക്ക് എന്ത് രൂപ ചെലവ് വരുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പഞ്ചായത്ത് വികസന ഗൈഡ് 2011-ന്റെ 31000 കോപ്പികൾ പഞ്ചായത്ത് വകുപ്പിനുവേണ്ടിയും 10500 കോപ്പികൾ ഗ്രാമവികസന വകുപ്പിനുവേണ്ടിയും അച്ചടിച്ചിട്ടുണ്ട്.

(ബി) 69.90 രൂപ (അറുപത്തി ഒൻപത് രൂപ തൊണ്ണൂറ് പൈസാമാത്രം)

ത്രിതല പഞ്ചായത്ത് മെമ്പർമാരുടെ ഓണറേറിയം

123 (1593) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജീവിതച്ചെലവും ജോലിഭാരവും വർദ്ധിച്ച സാഹചര്യത്തിൽ ത്രിതല പഞ്ചായത്ത് ജനപ്രതിനിധികളുടെ ഓണറേറിയവും മറ്റാനുകൂല്യങ്ങളും വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) എന്നുമുതൽ ഈ വർദ്ധനവ് നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്ക് താഴെപ്പറയുന്ന നിരക്കിൽ പ്രതിമാസ ഓണറേറിയവും ഹാജർബത്തയും നൽകുന്നു. കൂടാതെ 1995-ലെ കേരള പഞ്ചായത്ത്‌രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും) ചട്ടങ്ങൾപ്രകാരം അനുവദനീയമായ നിരക്കിൽ യാത്രബത്തയും നൽകിവരുന്നുണ്ട്.

	ഓണറേറിയം (രൂപ)	ഹാജർബത്ത (പ്രതിമാസം പരമാവധി നൽകാവുന്ന തുക) (രൂപ)
ജില്ലാ പഞ്ചായത്ത്		
പ്രസിഡന്റ്	5900	360
വൈസ് പ്രസിഡന്റ്	4600	360
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	2700	360
അംഗങ്ങൾ	2400	300
ബ്ലോക്ക് പഞ്ചായത്ത്		
പ്രസിഡന്റ്	5300	360
വൈസ് പ്രസിഡന്റ്	4000	360
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	2400	360
അംഗങ്ങൾ	1800	300
ഗ്രാമ പഞ്ചായത്ത്		
പ്രസിഡന്റ്	4600	360
വൈസ് പ്രസിഡന്റ്	3300	360
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ	2100	360
അംഗങ്ങൾ	1500	300

(ബി-ഡി) ഇപ്പോൾ പരിഗണനയിലില്ല.

ശുചീകരണ തൊഴിലാളികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതി

124 (1594) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുചീകരണ തൊഴിലാളികളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ എന്തൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly